# സുന്നി ആശയങ്ങളിലേക്ക് തിരിച്ചു വരുന്ന മുജാഹിദ്




അവതരിപ്പിക്കുന്നത്

മുസ്തഫ അഷ്റഫി കക്കുപ്പടി

=================================================================

ക്ലിപ്പ് ഒന്ന്



മുജാഹിൻെറ വലിയ നേതാവ് അബ്ദുൽ ഖാദിർ മൗലവി ചങ്ങരംകുളം സമ്മേളനത്തിൽ “ സമ്മേളനത്തിൻെറ ബർക്കത്ത്”കൊണ്ട് പ്രാർത്ഥിക്കുന്നു. പക്ഷേ,, മുജാഹിദ് സമ്മേളനത്തിൻെറ സിഡി ഇറക്കിയപ്പോൾ ബർക്കത്ത്കൊണ്ട് എന്നത്ഒഴിവാക്കി. **ക്ലിപ്പ് കാണാൻ ഇവിടെക്ലിക്ക് ചെയ്യുക.** അമ്പിയാഅ് ഔലിയാക്കളെതവസ്സുൽ ചെയ്താൽ ശിർക്ക്. മുജാഹിദുകളേ നിങ്ങളുടെ പോക്ക് എങ്ങോട്ടേക്കാണ് ?

ക്ലിപ്പ് രണ്ട്



ചങ്ങരംകുളം സമ്മേളനത്തിൽ മജീദ് സ്വലാഹി പറയുന്നത് കാണുക.

“നമ്മൾ വെറുംതൗഹീദ് പ്രഭാഷകർആയാൽ പോരാ, തൗഹീദിന് പുറമെ ദിക്ർകൾ ഉണ്ടാവണം ദുആകൾ ഉണ്ടാവണം എങ്കിലേ രക്ഷയുള്ളൂ. മുജാഹിദാകളാണെന്ന്പറഞ്ഞ് ദിക്റുകളുംദുആകളും വർജ്ജിക്കണമെന്ന് ഇസ്ലാം പറയുന്നില്ല. നമ്മൾ ദിക്റ് ഹൽഖകളെ അതിശക്തമായി വിമർശിക്കുന്നു സ്വലാത്ത്ഹൽഖകളെ അതിനിഷിധമായിവിമർശിക്കുന്നു” **ക്ലിപ്പ്കാണാൻ ഇവിടെക്ലിക്ക് ചെയ്യുക.** മുജാഹിദുകളേ,,,

നിങ്ങൾ എന്തിനാ ഇത്രയുംകാലം ഇതിനെയൊക്കെ മുടക്കിയത് ? നിങ്ങൾ മുജാഹിദ്പ്രസ്ഥാനം പിരിച്ചുവിട്ട് ഖലീൽതങ്ങളുടെ സ്വലാത്ത് ഹൽഖയിലേക്ക് വരിക. ഇനി സ്വലാത്തുകൾ ഒക്കെ പഠിച്ചിട്ട് വേണ്ടേ ? ഖലീൽ തങ്ങൾ പറഞ്ഞു തരും. വിഷമിക്കണ്ട നമുക്ക് ഒരുമിച്ച് സ്വലാത്ത് ചൊല്ലി ഒരുമിച്ച് സ്വർഗ്ഗത്തിലേക്ക് പോകാം, ഇനിയും വൈകിക്കരുത്.

ക്ലിപ്പ് മൂന്ന്



ഹാരിസ്ബിൻ സലീം മന്ത്രംവേണമെന്ന് പറഞ്ഞ് ഹദീസ്ഉദ്ധരിച്ച് സ്ഥിര പ്പെടുത്തുന്നു. കൂടാതെകൈമടക്കും വാങ്ങാം, സ്വഹാബത്ത് വാങ്ങിയിട്ടു ണ്ട് പോൽ. "ഇത്രയുംനാൾ ഈസൂറത്തുകൾ ചൊല്ലാതെ ഈ മന്ത്രങ്ങൾ ഉരുവിടാതെ ഈ പ്രാർത്ഥനകൾ ചൊല്ലാതെ നമുക്ക് നഷ്ടപ്പെട്ടു പോ യി" **ക്ലിപ്പ്കാണാൻ ഇവിടെക്ലിക്ക് ചെയ്യുക.**

മന്ത്രവും ഇനിപഠിച്ചിട്ട് വേണ്ടേ ? നിങ്ങൾക്ക് പ്രയാസമില്ലെങ്കിൽ പേരോട് അബ്ദുറഹ്മാൻ സഖാഫിയുടെ അടുത്ത് പോയാൽ മന്ത്രം പഠിപ്പിച്ചു തരും. ഇനിയും നിങ്ങൾ താമസിക്കരുത്.

ക്ലിപ്പ് നാല്



തൗഹീദിൽ ചെറിയമാറ്റം വരുത്തിയിരിക്കുന്നു നിങ്ങൾ അത് ഉൾക്കൊള്ള ണമെന്ന് 2000ൽ സക്കാരിയ്യ സ്വലാഹി അവരുടെ പരിപാടിയിൽ പ്ര സംഗിക്കുന്നു. **ക്ലിപ്പ്കാണാൻ ഇവിടെക്ലിക്ക് ചെയ്യുക.**

## ക്ലിപ്പ് അഞ്ച്



എറണാകുളം സാൽവേഷൻ സമ്മേളനത്തിൽ വെച്ച്കൊണ്ട് അവരുടെ ഉഗ്ര വാഗ്മി മുനീർ മദനി പ്രസംഗിക്കുന്നു.

**ക്ലിപ്പ്കാണാൻ ഇവിടെക്ലിക്ക് ചെയ്യുക.**

"ആമേഖലകളിൽ പഴയകാലം മുതൽ വലിയ അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആനും പ്രവാചകവചനങ്ങളും മനസ്സിലാക്കുന്നേടത്ത് പല അബദ്ധങ്ങളും പലർക്കും സംഭവിച്ചത് ആ മൻഹജുസ്സലഫ് വിട്ടുകളഞ്ഞതാണ് (മദ്ഹബ് എന്നതിൻെറ മറ്റൊരു വാക്കാണിത് മദ്ഹബ് എന്ന് പറഞ്ഞാൽ സുന്നികൾ പിന്നിൽ കൂടുമല്ലോ എന്ന് മനാസ്സിലാക്കി മറ്റൊരു പേരിൽ പറയുന്നു എന്നേയുള്ളൂ) മൻഹജ് സ്വലഫുസ്സ്വാലിഹ് വിട്ട്കളഞ്ഞതാണ് ഖവാരിജുകൾക്ക് അതുപോലെ മുഅ്തസിലിയാക്കൾക്ക് തെറ്റ് സംഭവിച്ചതിൻെറ കാരണം (മുജാഹിദുകൾക്ക് തെറ്റു സംഭവിച്ചു എന്നു പറയുവാൻ ഒരു പ്രയാസം)ചില ആളുകൾ അവരവരുടെ ബുദ്ധി കൊണ്ട് ഖുർആനിനെയും സുന്നത്തിനെയും മനസ്സിലാക്കാൻ ശ്രമിക്കുകയാണ് അവിടെയാണ് അബദ്ധംപിണഞ്ഞത് ഖുർആനിൽ ചിന്തിക്കാൻ പറഞ്ഞ കുറെഭാഗങ്ങൾ ഉണ്ട് ഈആകാശത്തിൻെറയും ഭൂമിയുടെയും സൃഷ്ടിപ്പിനെക്കുറിച്ച് അത് പോലെ അല്ലാഹുസുബ്ഹാനഉതാലാ ഇവിടെ സന്ദിവേശിച്ചിരിക്കുന്ന അൽഭുതകരമായ ആയാത്തുകളെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ചിന്തിക്കാൻ പറഞ്ഞ മേഖലകളുണ്ട് അവിടെ ചിന്തിക്കാം. അതല്ലാതെവഹ്യിൽ മാത്രം മനസ്സിലാക്കേണ്ട, മനസ്സിലാകുന്ന അത്തരം ചിലവിഷയങ്ങളെക്കുറിച്ച് മനുഷ്യ ബുദ്ധിക്ക് കടന്ന് ചൊല്ലാൻ സാധ്യമല്ല. അത്പ്രാ

പ്യമല്ല അത്കൊണ്ട് തന്നെ അത്തരം മേഖലകളിലേക്ക് കടന്ന് ചെല്ലുക യും ഇങ്ങനെ അബദ്ധംപിണയുകയും ചെയ്തതായി കാണാൻസാധിക്കും”

എന്തിനുശാഫീ എന്തിന്ഹനഫീ എന്തിന്മദ്ഹബ് നമുക്ക്ഖുർആനുംഹദീ സുംപോരേ എന്ന് ഇതുവരെ പറഞ്ഞവരാണ് ഇപ്പോൾ അതൊക്കെ തിരു ത്തിക്കൊണ്ട് പ്രസംഗിക്കുന്നത്. മുജാഹിദുകളേ,, അല്ലാൻെറ റസൂൽ(സ) ഇവിടെ നമ്മളിൽ ഒഴിവാക്കിപ്പോയത് ഖുർആനും ഹദീസുമാണെന്ന വാദം നിങ്ങൾ അവസാനിപ്പിച്ചോ ? സുന്നികൾ മദ്ഹബ് സ്വീകരിക്കണമെന്ന് ഇവിടെപറയുമ്പോൾ 80 വർഷമായി നിങ്ങൾ പറഞ്ഞുവന്നത് എന്താണ് ? പാളകിത്താബ് എന്നല്ലേ നിങ്ങൾ പറഞ്ഞിരുന്നത്? സത്യം മനസ്സിലാവാൻ ഇത്രയും വൈകിയതിനാൽ ഈ 80 വർഷത്തിനുള്ളിൽ ജീവിച്ചു മരിച്ച മുജാഹിദുകളുടെ അവസ്ഥ എന്താണ് ? അതും കൂടി നിങ്ങൾ പറയണം. അവർ ജാഹിലിയ്യാ കാലത്തിൽ പെടുമോ ? അതോ ഫിത്ത്റത്തിൻെറ കാലയളവിൽ പെടുമോ ? നിങ്ങൾ വ്യക്തമാക്കണം. സുന്നികൾ ഇത്രയും കാലം എത്രപുസ്തകങ്ങൾ എഴുതി എത്ര പ്രഭാഷണങ്ങൾ നടത്തി, അപ്പോ ഴൊക്കെ നിങ്ങൾഖുർആനും സുന്നത്തുമെന്ന്പറഞ്ഞ് പുറംതിരിഞ്ഞു നിൽ ക്കുകയായിരുന്നില്ലേ ?

മദ്ഹബിൽ ഇപ്പോൾ നിങ്ങൾകാലെടുത്ത് വെച്ചതല്ലേയുള്ളൂ എത്രയോ ഗ്ര ന്ഥങ്ങൾ പഠിക്കാൻ ബാക്കി നിൽക്കുകയാണ്. പള്ളി ദർസിൽ ഫിഖ്ഹ് പഠിക്കുന്ന മുതഅല്ലിമീങ്ങളെ നിങ്ങൾ കഴിഞ്ഞകാലങ്ങളിൽ പരിഹസിക്കു കയായിരുന്നല്ലോ നിങ്ങൾ ഇമാമീങ്ങളിലേക്ക് കടന്ന് വന്നതിൽ സുന്നിക ൾക്ക് വളരെ സന്തോഷമുണ്ട്. ഇമാമീങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാ നും അവരുടെ ഗ്രന്ഥങ്ങൾ കൂടുതൽ പത്തിക്കുവാനും നിങ്ങൾക്ക് ബുദ്ധി മുട്ട് ആവില്ലെങ്കിൽ പൊന്മളഅബ്ദുൽഖാദിർ മുസ്‌ലിയാരുമായി ബന്ധപ്പെ ട്ടാൽ നിങ്ങൾക്ക് ഞങ്ങൾ അവസരം ചെയ്യുതരാം നഷ്ടപ്പെട്ട കാലത്തെ ക്കുറിച്ച് നിങ്ങൾ ദു:ഖിക്കേണ്ടതില്ല.

ക്ലിപ്പ് ആറ്




ഖുർആനും ഹദീസും സ്വന്തമായിനോക്കി കാര്യങ്ങൾ വിലയിരുത്തുന്ന വരെക്കുറിച്ച് നമ്മുടെഹുസൈൻസലഫി ആയത്ത്ഉദ്ധരിച്ചുകൊണ്ട് ഖണ്ഡിച്ച് പ്രസംഗിക്കുന്നത് ഈ ക്ലിപ്പിലൂടെ കാണുക. **ക്ലിപ്പ്കാണാൻ ഇവിടെക്ലിക്ക് ചെയ്യുക.**

സലഫീ താങ്കൾക്കും താങ്കളുടെ കൂടെയുള്ളവർക്കും ഈ ബോധം വന്നത് ഇപ്പോഴാണോ ? ഇങ്ങനെ ഓരോ വിഷയത്തിലായി മുഴുവൻ മാറ്റം വരുത്തുന്നതിനേക്കാൾ മുജാഹിദ് പ്രസ്ഥാനം പിരിച്ചു വിട്ടു സുന്നത്ത് ജമാഅത്തിലേക്ക് വരുന്നതല്ലേ നിങ്ങൾക്ക്നല്ലത്. എല്ലാം തെറ്റായിരുന്നു എന്ന് 80 വർഷത്തിന് ശേഷമെങ്കിലും നിങ്ങൾക്ക്ബോധം വന്നതിൽ നല്ല ലക്ഷണമായാണ് നിഷ്പക്ഷമതികൾ വിലയിരുത്തുന്നത്.

സുഹൃത്തുക്കളെ,,,,

മുജാഹിദിൽ വന്ന മാറ്റത്തിരുത്തലുകൾ പരസ്യമായി അവർ പ്രഖ്യാപിക്കുന്നില്ല. ആയതിനാൽ അവരിൽനിന്ന് പുറത്തായ ഈക്ലിപ്പുകൾ നാം എല്ലാവരിലും എത്തിച്ച് അവരെ നേർവഴിയിലേക്ക് കൊണ്ടു വരുന്നതിൽ നാം അവരെ സഹായിക്കാൻ എല്ലാവർക്കും ഈ സന്ദേശം ഫോർവേഡ് ചെയ്തു സഹകരിക്കണമെന്ന് വളരെ വിനയത്തോടെ നിങ്ങളുടെ സഹോദരൻ,,,,

സി പി അബ്ദുല്ല ചെരുമ്പ

## ഇസ്‌ലാമിക വിശ്വാസ അനുഷ്ഠാന പഠനപ്രചരണരംഗത്ത് സുന്നികേരളത്തിന്റെ ആദ്യത്തെ വെബ്സൈറ്റ്

# www.islamkerala.com

e-mail : abdulla_cherumba@yahoo.com

Mobile 0091 9400534861

ഈ മേൽ ക്ലിപ്പുകൾക്ക് പുറമെ ഒട്ടേറെ മറ്റു ക്ലിപ്പുകളുമടക്കം ഈ പരി പാടിയുടെ മൂന്ന് സിഡിയും മുഴുവനായി കാണാൻ താഴെ സിഡികളിൽ ക്ലിക്ക് ചെയ്യുക.

